പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 3506

14.03.2017 - ൽ മറുപടിയ്ക്ക്

## വീടിന് നേരെ ബോംബാക്രമണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി. | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ കഠിനംകുളം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പള്ളിനട ചിറക്കൽ വാഹിദ മൻസിലിൽ ഷറഫുദ്ദീന്റെ വീടിന് നേരെ ബോംബാക്രമണം നടന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത കേസ്സിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ നമ്പർ വ്യക്തമാക്കുമോ; | (ബി) കഠിനംകുളം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 164/2017 u/s 9(B) (b) of ES Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ടി കേസ്സിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; പ്രതികളെ എത്രയും പെട്ടെന്ന് അറസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) നാളിതുവരെയുള്ള അന്വേഷണത്തിൽ ടി കേസ്സിന്റെ കൃത്യത്തിൽ ഏർപ്പെട്ടവരെ തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ആരെയും അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. പ്രതികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. |
| (ഡി) ഈ പ്രദേശത്ത് മയക്കുമരുന്ന് മാഫിയകൾ സജീവമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) ഈ പ്രദേശത്തെ ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിനും കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) ശക്തമായ പോലീസ് പട്രോളിംഗ്, രഹസ്യാന്വേഷണങ്ങൾ, നിരീക്ഷണങ്ങൾ എന്നിവ നടത്തി പ്രസ്തുത പ്രദേശത്ത് കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Kemmb

സെക്ഷൻ ഓഫീസർ